പ്രദേശത്തുള്ളത് 1955-ലെ Travancore Cochin Literary and Scientific Charitable Societies Act ആണ്. നമ്മുടെ കലാസാംസ്ക്കാരിക സംഘടനകൾ, ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബുകൾ, ഫൈനാൻസ് സൊസൈറ്റികൾ, പൗരസമിതികൾ മുതലായവയ്ക്കൊക്കെ ഈ രണ്ട് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് രജിസ്ട്രേഷൻ നൽകുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് ഇതുപോലുള്ള സമിതികളുണ്ട്. അതിന്റെ രജിസ്ട്രേഷൻ നിയമത്തിലും ചട്ടങ്ങളിലും എന്തെങ്കിലും മാറ്റങ്ങൾ വരുത്തി രണ്ട് നിയമങ്ങളും ഏകീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. അങ്ങനെ രണ്ട് നിയമങ്ങൾ ഏകീകരിക്കുമ്പോൾ മെമ്പർ ഇവിടെ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾകൂടി പരിശോധിക്കാവുന്നതാണ്. ധനസഹായം സംബന്ധിച്ച് പറയാം. ധനസഹായം ഇപ്പോൾ കലാസാംസ്ക്കാരിക സംഘടനകൾക്ക് സാംസ്ക്കാരിക വകുപ്പ് കൊടുത്തു. ഗ്രാമപഞ്ചായത്തുകൾക്ക് ഇതു സംബന്ധിച്ച് സഹായം നൽകാൻ വ്യവസ്ഥയുണ്ട്. ഇപ്പോൾ എം.എൽ.എ., എം.പി. ഫണ്ടിൽ നിന്നും ലൈബ്രറികൾക്ക് ധനസഹായം കൊടുക്കുന്നുണ്ട്. ജില്ലാ കെട്ടിടങ്ങൾക്ക് ധനസഹായം കൊടുക്കുവാൻ വ്യവസ്ഥയുണ്ട്. കൂടുതൽ ധനസഹായം കൊടുക്കുവാൻ സാധിക്കുമോ എന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഏതായാലും രണ്ട് ആക്ടുകൾ ഏകീകരിക്കുന്ന സമയത്ത് ഈ നിർദ്ദേശങ്ങൾക്കൂടി പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: സർ, വ്യത്യസ്ത സ്വഭാവമുള്ള സംഘടനകൾക്ക് പ്രത്യേകമായ നിബന്ധനകളോടുകൂടി അഫിലിയേഷൻ നൽകാൻ വേണ്ടിയുള്ള ഒരു ബോർഡ് രൂപവൽക്കരിക്കുമോ? ഇതു സംബന്ധിച്ച് സർവ്വതല സ്പർശിയായ ഒരു പഠനം നടത്താൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമോ?

ശ്രീ. സി. എഫ്. തോമസ്: പരിശോധിക്കാവുന്ന ഒരു നിർദ്ദേശമാണ്.

(2) വയനാട് ജില്ലയിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം

ശ്രീ. എൻ. ഡി. അപ്പച്ചൻ: കേരളത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു മലയോര ജില്ലയായ വയനാട് ആതുര ശുശ്രൂഷാ രംഗത്ത് ഏറെ പ്രതിസന്ധിയും പ്രയാസങ്ങളും അനുഭവിച്ചുകൊണ്ട് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ജില്ലയിൽ ഇരുപത്തിയഞ്ച് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുണ്ട്. അതുപോലെ മൂന്ന് താലൂക്ക് ആശുപത്രികളുണ്ട്. അഞ്ച് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുണ്ട്. ഈ ആശുപത്രികളിലൊക്കെ ചികിത്സതേടി ആയിരക്കണക്കിന് ആളുകൾ എത്തുകയാണ്. സാമ്പത്തിക പ്രതിസന്ധികൊണ്ട്, കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചകൊണ്ട് ബുദ്ധിമുട്ടുന്ന ജനങ്ങൾ ഇന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുകയാണ്. ജില്ലാ ആശുപത്രിയിൽ 250 കിടക്കകളാണ് ഉള്ളതെങ്കിലും അവിടെ എഴുന്നൂറോളം രോഗികൾ കിടക്കുകയും ആയിരത്തിലേറെ രോഗികൾ ചികിത്സതേടി എത്തുകയും ചെയ്യുന്നുണ്ട്. താലൂക്ക് ആശുപത്രികളിലെ സ്ഥിതിയും ഇതിൽനിന്നും വ്യത്യസ്തമല്ല. നാൽപ്പത്തിരണ്ട്

കിടക്കകൾ ഉള്ള ബത്തേരി താലൂക്ക് ആശുപത്രിയിൽ ഇരുന്നൂറിൽപ്പരം രോഗികൾ ഒരേ സമയം അഡ്മിറ്റാകുകയും ഏതാണ്ട് 500-ൽപ്പരം രോഗികൾ നിത്യേന ചികിത്സയ്ക്കായി എത്തുന്ന ഒരു സാഹചര്യവുമുണ്ട്. അതുപോലെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സ്ഥിതിയും ഇതിൽ നിന്നും വ്യത്യസ്തമല്ല. കാലവർഷം ആരംഭിച്ചതോടുകൂടി സാംക്രമിക രോഗങ്ങൾ, പനി, മറ്റ് രോഗങ്ങൾ എന്നിവ ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ ആശുപത്രികളിലൊക്കെത്തന്നെ ഈ രോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുവാൻ കഴിയുന്ന സാഹചര്യങ്ങൾ ഇന്ന് വളരെ വിരളമാണ്. ഈ ആശുപത്രികളിൽ എത്രയോ വർഷങ്ങൾക്ക് മുമ്പുള്ള പോസ്റ്റുകൾ അനുസരിച്ചാണ് ഡോക്ടർമാരെയും സ്റ്റാഫ് നഴ്സിനെയും പാരാ മെഡിക്കൽ സ്റ്റാഫുകളെയുമൊക്കെ നിയമിച്ചിട്ടുള്ളത്. അത്തരം ഒരു സാഹചര്യത്തിൽ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് വേണ്ടവിധത്തിലുള്ള ചികിത്സ ലഭ്യമാക്കുവാൻ കഴിയുന്ന സംവിധാനം ഇന്ന് ഇല്ല എന്നുള്ളതുകൊണ്ട് പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തുകൊണ്ട് ഡോക്ടർമാരെയും സ്റ്റാഫ് നഴ്സുമാരെയും പാരാ മെഡിക്കൽ സ്റ്റാഫുകളെയുമൊക്കെ നിയമിച്ചു കിട്ടാനുള്ള ആവശ്യമാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഒരു വർഷം മുമ്പുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മറ്റ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടെയുള്ള ഒരു യോഗത്തിൽ വച്ച് വയനാടിന്റെ ഇത്തരം ഒരു സാഹചര്യം വളരെ വ്യക്തമായിത്തന്നെ വിവരിക്കുകയും അനുകൂലമായ നടപടികളെടുക്കുമെന്ന് അന്ന് തീരുമാനിക്കുകയും ചെയ്തു. പക്ഷേ ഒരു വർഷമായിട്ടും പുതുതായി ഒരു പോസ്റ്റുപോലും ക്രിയേറ്റ് ചെയ്യാത്തതുകൊണ്ട് ആശുപത്രികളിൽ രോഗികൾക്ക് ചികിത്സാ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള സംവിധാനം ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളത് വളരെ ഖേദകരമായ വസ്തുതയാണ്. പ്രത്യേകിച്ച് കാലവർഷം ശക്തിപ്പെട്ടതോടുകൂടി ആദിവാസി മേഖല അടക്കമുള്ള പ്രദേശങ്ങളിൽ ഇന്ന് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുവാൻ ഇന്ന് കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. അഞ്ച് ട്രൈബൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ പരിമിതമാണ്. ഏതാണ്ട് ഇരുപത്തിയാറായിരത്തിലെറെ ആദിവാസി കുടുംബങ്ങളുണ്ട്. മൊത്തം ജനസംഖ്യയുടെ ഇരുപത്തിയഞ്ചു ശതമാനം ആദിവാസികളാണ്. അവർക്ക് ആവശ്യമായ ചികിത്സാ സൗകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ ഈ സന്ദർഭത്തിൽ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് മൊബൈൽ യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണം. വയനാട് ജില്ലാ ആശുപത്രിയിൽ നിർബന്ധമായിട്ടും സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഉണ്ടാകണം. അത് ഇന്ന് കുറവാണ്. താലൂക്ക് ആശുപത്രികളിലും ഇല്ല. സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഉണ്ടാക്കിക്കൊണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചാൽ മാത്രമേ അവിടുത്തെ ജനങ്ങളുടെ ആരോഗ്യപരമായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് കഴിയുകയുള്ളൂ. അതിന് വളരെ അടിയന്തിരമായി പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തുകൊണ്ട് ആവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി ഉണ്ടാക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതോടൊപ്പം തന്നെ ജില്ലാ ആശുപത്രികളിൽ കെട്ടിടങ്ങൾ ധാരാളം ഉണ്ട്. കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉണ്ടെങ്കിൽത്തന്നെയും ഡോക്ടർമാരുടെ കുറവും മറ്റ് സ്റ്റാഫിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കുറവുമൊക്കെക്കൊണ്ട് അവിടെ വരുന്ന രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. പലപ്പോഴും സംഘട്ടനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സർക്കാരിന് സാമ്പത്തികമായി പ്രതിസന്ധി ഉണ്ടെന്നറിയാമെങ്കിൽത്തന്നെയും പാവപ്പെട്ട സാധാരണക്കാരായ ജനങ്ങൾ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ, അവർക്ക് രോഗങ്ങൾ വരുമ്പോൾ ആശ്രയിക്കാനുള്ളത് സർക്കാരാശുപത്രി മാത്രമാണ്. അതുകൊണ്ട് സർക്കാരാശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മെച്ചപ്പെട്ട രീതിയിൽ കൊണ്ടുപോകുന്നതിനുവേണ്ടി വയനാട് ജില്ലയിൽ അത്യാവശ്യമായി ആവശ്യമുള്ള പോസ്റ്റ് ക്രിയേറ്റ് ചെയ്തുകൊണ്ട് ഡോക്ടർമാരേയും മറ്റ് സ്റ്റാഫുകളേയും നിയമിക്കണം. അതുപോലെ മാനന്തവാടി ജില്ലാ ആശുപത്രിയിൽ അത്യാവശ്യമായി സ്പെഷ്യാലിറ്റി യൂണിറ്റുകൾ ഉണ്ടാക്കുന്നതോടൊപ്പം കാർഡിയാക് യൂണിറ്റ് അത്യാവശ്യമായി സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയിൽ ഉണ്ടാക്കുന്നതിന് നടപടികൾ എടുക്കണം. കോഴിക്കോട്ടേക്ക് വരണം സർ, 110 കിലോമീറ്റർ സഞ്ചരിച്ച് വരുമ്പോഴേയ്ക്ക് ഒരു ഹൃദ്രോഗിയെ സംബന്ധിച്ച് അവിടെ എത്തുമ്പോൾ തന്നെ രോഗി മരിക്കുന്ന സാഹചര്യമുണ്ട്. താലൂക്കാശുപത്രികളിൽ കാർഡിയാക് യൂണിറ്റ് തുടങ്ങി അതിനാവശ്യമായ വിദഗ്ദ്ധരായ ഡോക്ടർമാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം. ജില്ലാ ആശുപത്രികളിൽ ഒരു വെന്റിലേറ്റർ സഹായിക്കണം. അത് കഴിഞ്ഞ യോഗത്തിൽ വച്ച് തീരുമാനം ഉണ്ടായതാണ്. വയനാട് ജില്ലാ ആശുപത്രിയിൽ ഒരു വെന്റിലേറ്റർ പോലും ഇല്ല. നിർബന്ധമായും ഒരു വെന്റിലേറ്റർ ഇവിടെ സഹായിക്കാനുള്ള സംവിധാനം ഉണ്ടാകണം. രോഗികൾക്ക് പരമാവധി ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി ആവശ്യമായ സംവിധാനം ആരോഗ്യ രംഗത്ത് ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയാണ്. മരുന്നുകൾക്കൊന്നും ക്ഷാമമില്ല. മരുന്നുകളൊക്കെ ഇഷ്ടംപോലെ കിട്ടുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെട്ടതാണ്. പരാതിയില്ല. വയനാട് ജില്ലയിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആവശ്യമായ ഡോക്ടർമാരെ നിയമിക്കണം. പല പി.എച്ച്.സി.കളും ഇന്ന് പൂട്ടിക്കിടക്കുകയാണ്. അത് തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനേയും നിയമിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): വയനാട് ജില്ലയിൽ ഒരു ജില്ലാ ആശുപത്രി, രണ്ട് താലൂക്ക് ആശുപത്രി, 5 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, രണ്ട് ബ്ലോക്ക് ഹെൽത്ത് സെന്ററുകൾ 23 പ്രൈമറി ഹെൽത്ത് സെന്ററുകൾ, ഒരു ടി. ബി. സെന്റർ, 204 സബ് സെന്റർ, 5 ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റ്, ഒരു കണ്ണ് മൊബൈൽ യൂണിറ്റ്, സഞ്ചരിക്കുന്ന ദന്ത ചികിൽസാ യൂണിറ്റുകൾ എന്നീ ആരോഗ്യ സഹായനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മറ്റൊന്ന് ഇവിടെ ജില്ലാ ആശുപത്രിയിൽ 274 കിടക്കകളുണ്ട്. സ്പെഷ്യാലിറ്റികളെല്ലാം പ്രവർത്തിക്കുന്നുണ്ട്. അഞ്ഞൂറിൽപ്പരം രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ട്. ആയിരത്തിൽപ്പരം രോഗികൾക്ക് ഔട്ട് പേഷ്യന്റ് ചികിത്സ നൽകി വരുന്നുണ്ട്. ഇന്റൻസീവ് കൊറോണറി കെയർ യൂണിറ്റ് നന്നായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ രോഗികളുടെ ബാഹുല്യം ദിനംപ്രതി കൂടിവരുന്നുണ്ട്. അതനുസരിച്ച് ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ വർദ്ധിക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം ന്യായീകരിക്കത്തക്കതാണ്. സുൽത്താൻ ബത്തേരിയിൽ 42 കിടക്കകളാണുള്ളത്. 200-ഓളം രോഗികളെ ദിനംപ്രതി കിടത്തി ചികിത്സിക്കുന്നുണ്ട്. 750 മുതൽ ആയിരം വരെ രോഗികൾ ദിവസവും ഒ.പി.യിൽ വരുന്നുണ്ട്. ഇപ്പോൾ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഒഴിവുകളൊന്നുംതന്നെ നിലവിലില്ല. തിരക്ക് കണക്കിലെടുത്താൽ 200 കിടക്കകളെങ്കിലും വർദ്ധിപ്പിക്കേണ്ടിവരും. അതിനനുസരിച്ച് ജീവനക്കാരും ഉണ്ടാകണം. ഇപ്പോൾ ഒരു സർജൻ, ഒരു ഗൈനോക്കോളജി സർജൻ, ഒരു ഓർത്തോ സർജൻ, ഒരു ഇ.എൻ.ടി. സ്പെഷ്യലിസ്റ്റ്, ഒരു അനസ്തേഷ്യാ സ്പെഷ്യലിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകളുണ്ട്. വൈത്തിരി താലൂക്കാശുപത്രിയിൽ 40 രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ട്. വാർഡുകളുടെയും മറ്റും അറ്റകുറ്റപ്പണികൾ നടത്തുവാൻ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തസ്തികകൾ ഒന്നും തന്നെ ഒഴിഞ്ഞു കിടക്കുന്നില്ല. കൽപ്പറ്റ ആശുപത്രിയിലെ പി. എച്ച്.സി.യിൽ 40 കിടക്കകളാണുള്ളത്. 150 മുതൽ 200 വരെ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. രോഗികളുടെ ബാഹുല്യമുണ്ട്. പക്ഷേ ഡോക്ടർമാരുടെയോ മറ്റു ജീവനക്കാരുടേയോ ഒഴിവുകൾ ഒന്നും നിലവിലില്ല. പ്രൈമറി ഹെൽത്ത് സെന്ററുകളെല്ലാംതന്നെ നന്നായി പ്രവർത്തിക്കുന്നുണ്ട്. കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ ജീവനക്കാർ ഇല്ലാത്തതിനാൽ ഐ.പി. തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ജില്ലയിലാകെ ആറ് സിവിൽ സർജൻമാരുടേയും, രണ്ട് അസിസ്റ്റന്റ് സർജൻമാരുടെയും ഒഴിവുകൾ മാത്രമേയുള്ളൂ. അസിസ്റ്റന്റ് സർജൻമാരുടെയും രണ്ട് സിവിൽ സർജൻമാരുടേയും ഒഴിവുകൾ താൽക്കാലിക അടിസ്ഥാനത്തിൽ നികത്തിയിട്ടുണ്ട്. നഴ്സുമാരുടെ 22 ഒഴിവുകൾ ഉണ്ട്. താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ച നടപടി ഫൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. എല്ലാ സ്ഥാപനങ്ങളിലും മരുന്നുകൾ ആവശ്യത്തിനുണ്ട്. കൂടാതെ അടിയന്തിര ഘട്ടത്തിൽ മരുന്നു വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും ലഭ്യമാക്കിയിട്ടുണ്ട്. ഡെങ്കിപ്പനി, എലിപ്പനി എന്നിവയുടെ പരിശോധനയ്ക്കുള്ള ടെസ്റ്റ് കിറ്റുകൾ ആവശ്യത്തിനുണ്ട്. ഇതുവരെ പകർച്ച വ്യാധികൾ പിടിപെട്ട് ഒറ്റ മരണവും ഈ ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

മി. സ്പീക്കർ: അതൊക്കെ അദ്ദേഹം സമ്മതിക്കുന്നു.

ശ്രീ. പി. ശങ്കരൻ: പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണം നിലവിലുള്ളതിനാൽ കിടക്കകളുടെ എണ്ണവും സ്പെഷ്യാലിറ്റി വിഭാഗവും കൂടുതലായി അനുവദിക്കാൻ തൽക്കാലം നിർവ്വാഹമില്ല. ജില്ലയിൽ ഹോമിയോപ്പതി വകുപ്പിന്റെ കീഴിലുള്ള 14 ഡിസ്പെൻസറികളിലും ഒരാശുപത്രിയിലുംകൂടി ഏതാനും ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്. എങ്കിലും താൽക്കാലിക സംവിധാനം വഴി അവ മുടക്കംകൂടാതെ പ്രവർത്തിച്ചുവരുന്നു. അത്യാവശ്യമുള്ള മരുന്നുകൾ ഇവിടെ ലഭ്യമാണ്. ആയുർവ്വേദ വകുപ്പിന്റെ കീഴിൽ ഈ ജില്ലയിൽ 31 ആശുപത്രികളും 21 ഡിസ്പെൻസറികളും ഉണ്ട്. എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും മരുന്നും മറ്റ് ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാർഡിയോളജി വിഭാഗം താലൂക്കാശുപത്രികളിൽ പ്രവർത്തിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാൻ പ്രയാസമാണ്. എന്നാൽ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി വിഭാഗം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്താമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഒരു വെന്റിലേറ്റർ, ഒരു വെന്റിലേറ്റർ.....

ശ്രീ. പി. ശങ്കരൻ: അതിന് ആവശ്യമായ നടപടി സ്വീകരിക്കാം. കെട്ടിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം. പുതിയ തസ്തികകൾ ലഭിക്കുന്ന മുറയ്ക്ക് വയനാട് ജില്ലയ്ക്ക് പ്രത്യേകമായ പരിഗണന നൽകുന്നതാണ്. ഇതുസംബന്ധമായ പരാതികൾ അനുകൂലമായ തീരുമാനം എടുക്കാമെന്ന് മുഖ്യമന്ത്രി സമ്മതിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ മുഖ്യമന്ത്രിയും ഞാനും കഴിഞ്ഞ പ്രാവശ്യം അദ്ദേഹത്തിനു കൊടുത്ത വാക്ക് പാലിക്കാൻ സാധിക്കുമെന്നുള്ള വിശ്വാസവും എനിക്കുണ്ട്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: ഇപ്പോൾ പലയിടത്തും പി.എച്ച്.സി.കൾ പൂട്ടിക്കിടക്കുകയാണ്. ഒരു ഡോക്ടറും, ഒരു സ്റ്റാഫ് നഴ്സും ഉണ്ടെങ്കിൽ പി.എച്ച്.സി.കൾ തുറന്നു പ്രവർത്തിപ്പിക്കാം. അതിനുവേണ്ടി ഒരു പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.

മി. സ്പീക്കർ: ക്രിയേറ്റ് ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് അദ്ദേഹം പറഞ്ഞില്ലേ?

ശ്രീ. എൻ. ഡി. അപ്പച്ചൻ: പിന്നോക്ക ജില്ല എന്നുള്ള നിലയിൽ ഒരു പരിഗണന, സഹായം നൽകണം എന്നേ പറയാനുള്ളൂ.

III. സബ്മിഷൻ

(1) പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിലുള്ള കൊക്കകോള ഫാക്ടറി നടത്തിപ്പുമൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ

ഡോ. എ. നീലലോഹിതദാസൻ നാടാർ: പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിൽ കൊക്കകോള ഫാക്ടറി പ്രവർത്തിച്ചുവരികയാണ്. കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കാൻ പുതിയ വ്യവസായങ്ങൾ തുടങ്ങണമെന്നുള്ള ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് ലൈസൻസ് നൽകുകയുണ്ടായി. പ്രോജക്ട് റിപ്പോർട്ട് നൽകിയപ്പോൾ ഒരു ബോർവെൽ കുഴിക്കാമെന്നാണ് പറഞ്ഞിരുന്നത്. ഒരു ബോർവെല്ലിന്റെ സ്ഥാനത്ത് 6 ബോർവെല്ലുകൾ കുഴിപ്പിക്കുകയും അനിയന്ത്രിതമായ രീതിയിൽ ഭൂഗർഭ ജലം ചൂഷണം ചെയ്യുകയും ചെയ്തു. ആ പ്രദേശത്ത് മറ്റ് ബോർവെല്ലുകളൊന്നും പ്രവർത്തിക്കാതെയായി; വറ്റിവരണ്ടു. നിലവിലുള്ള ശുദ്ധജല പദ്ധതികൾ തന്നെ അവതാളത്തിലായി. അങ്ങനെ ശുദ്ധജല ക്ഷാമം കാരണവും ഈ ഫാക്ടറികളിൽനിന്ന് പുറത്തുവിടുന്ന ഖരമാലിന്യങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതി മലിനീകരണം കാരണവും, സ്റ്റാറ്റ്യൂട്ടറി റൂളുകൾ ഫാക്ടറി ലംഘിച്ചതു കാരണവും കഴിഞ്ഞ ഏപ്രിൽ 7-ാം തീയതി പഞ്ചായത്ത് കമ്മിറ്റി ലൈസൻസ് റദ്ദ് ചെയ്യുകയും ലൈസൻസ് പുതുക്കി കൊടുക്കേണ്ട എന്നു തീരുമാനിക്കുകയും ചെയ്തു. ആ തീരുമാനത്തിൻമേൽ ഫാക്ടറി ഉടമകൾ ഹൈക്കോടതിയെ സമീപിച്ചു. രണ്ടു തവണയായി രണ്ടു മാസത്തേയ്ക്ക് പ്രവർത്തനാനുമതി ഹൈക്കോടതി നീട്ടിക്കൊടുത്തു. സ്റ്റാറ്റ്യൂട്ട്സ് അനുസരിച്ച് പഞ്ചായത്തെടുക്കുന്ന തീരുമാനത്തിന്മേൽ അപ്പീൽ ഉണ്ടായെങ്കിൽ അത് കൈകാര്യം ചെയ്യാൻ ട്രൈബ്യൂണൽ വേണം. അങ്ങനെ ട്രൈബ്യൂണൽ പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാത്തതുകൊണ്ട് ആ ട്രൈബ്യൂണൽ അധികാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി വിനിയോഗിക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജൂലായ് 16-നു മുമ്പ് ഇതിനെ സംബന്ധിച്ച് ട്രൈബ്യൂണൽ എന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly